ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 08.09.2024 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. സാക്ഷരത ജനങ്ങളെ സ്വതന്ത്രരും സ്വയംപര്യാപ്തരുമാക്കുമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   Literacy will make people independent and self-sufficient says Vice President Jagdheep Dhankhar

2. വിദേശകാര്യ മന്ത്രി എസ് ജയശങ്കർ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് സൗദി അറേബ്യയിലെത്തി. പ്രഥമ ഇന്ത്യ-ഗൾഫ് സഹകരണ കൗൺസിൽ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കും.

   External Affairs Minister S Jaishankar arrives in Saudi Arabia today on a two-day visit. EAM will attend the first India-Gulf Cooperation Council Foreign Ministers' meeting.

3. അബുദാബി കിരീടാവകാശി ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും.

The Crown Prince of Abu Dhabi will arrive in India today on an official visit.

4. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ കരാർ ജീവനക്കാരുടെ പണിമുടക്ക് സർവീസുകളെ ബാധിച്ചു.

Strike by contractual employees at Thiruvananthapuram International Airport affects services

5. പാരീസ് പാരാലിമ്പിക്സിന് ഇന്ന് തിരശ്ശീല വീഴും. ഇന്ത്യ മെഡൽ പട്ടികയിൽ 16-ാമത്.

The curtain falls on the Paris Paralympics today.

6. യുഎസ് ഓപ്പൺ പുരുഷ വിഭാഗം സിംഗിൾസ് ഫൈനലിൽ ഇന്ന് യാനിക് സിന്നെർ, ടെയ്‌ലർ ഫ്രിറ്റ്സുമായി ഏറ്റുമുട്ടും.

Yannick Zinner will face Taylor Fritz in the US Open men's singles final today.

&&&&&&&&&&&&&&&&&&

**PREZ-NUAKHAI GREETINGS**

ഒഡീഷയിലെ പ്രമുഖ കാർഷികോത്സവമായ നുവാഖായി പ്രമാണിച്ച്, ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കർഷകർക്ക് നന്ദി പ്രകടിപ്പിക്കാനുള്ള അവസരമാണ് ഉത്സവമെന്നും, അത് എല്ലാവരുടെയും ജീവിതത്തിൽ സന്തോഷവും സമൃദ്ധിയും കൊണ്ടുവരട്ടെയെന്നും രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

# HEADLINES-1

## SPECTRUM OF LITERACY CONFERENCE

ഇന്ന് അന്താരാഷ്ട്ര സാക്ഷരതാ ദിനം. ദിനാചരണത്തിന്റെ ഭാഗമായി ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ സംഘടിപ്പിച്ച പരിപാടിയെ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ അഭിസംബോധന ചെയ്തു. സാക്ഷരത ജനങ്ങളെ സ്വതന്ത്രരും സ്വയംപര്യാപ്തരുമാക്കുമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ്)

"ബഹുഭാഷാ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക: പരസ്പര ധാരണയ്ക്കും സമാധാനത്തിനും സാക്ഷരത" എന്നതാണ് ഇക്കൊല്ലത്തെ പ്രമേയം. വ്യക്തികൾക്കും സമൂഹത്തിനും സാക്ഷരതയുടെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതിനാണ് എല്ലാ വർഷവും സെപ്റ്റംബർ 8 ന് സാക്ഷരതാ ദിനമായി ആചരിക്കുന്നത്.

&&&&&&&&&&&&&&&&&&

# HEADLINES-2

## REV -JAISHANKAR – RIYADH BERLIN GENEVA(INTRO

*രണ്ട് ദിവസത്തെ സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് സൗദി അറേബ്യയിലെ റിയാദിലെത്തി. പ്രോട്ടോക്കോൾ അഫയേഴ്സ് ഉപ മന്ത്രി അബ്ദുൽമജീദ് അൽ സ്മാരിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന് ഊഷ്മള സ്വീകരണം നൽകി. വിശദാംശങ്ങളിലേക്ക് ...............*

*(VO)*

*രണ്ട് ദിവസത്തെ സന്ദർശനത്തിനിടെ, ഡോ. ജയശങ്കർ പ്രഥമ ഇന്ത്യ-ഗൾഫ് സഹകരണ കൗൺസിൽ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കും. ജിസിസി അംഗരാജ്യങ്ങളിൽ നിന്നുള്ള വിദേശകാര്യ മന്ത്രിമാരുമായും അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. ജിസിസി മേഖല ഇന്ത്യയുടെ ഒരു പ്രധാന വ്യാപാര പങ്കാളിയായി ഉയർന്നുവരുന്നു, കൂടാതെ 8.9 ദശലക്ഷത്തോളം വരുന്ന ഇന്ത്യൻ പ്രവാസി സമൂഹത്തിന്റെ ആവാസ*

കേന്ദ്രവുമാണ് മേഖല്. വിവിധ മേഖലകളിൽ ഇന്ത്യയും ജിസിസിയും തമ്മിലുള്ള സ്ഥാപനപരമായ സഹകരണം അവലോകനം ചെയ്യുന്നതിനുള്ള അവസരമായിരിക്കും വിദേശകാര്യ മന്ത്രിമാരുടെ യോഗം. സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ, ഡോ. ജയശങ്കർ ചൊവ്വാഴ്ച രണ്ട് ദിവസത്തെ സന്ദർശനത്തിനായി ജർമ്മനിയിലെ ബെർലിനിലേക്ക് പോകും. ബെർലിനിലേക്കുള്ള അദ്ദേഹത്തിന്റെ മൂന്നാമത്തെ ഉഭയകക്ഷി സന്ദർശനമാണിത്. ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിന്റെ മുഴുവൻ ശ്രേണിയും അവലോകനം ചെയ്യും. ജർമ്മനിയിലെ ഉന്നത നേതൃത്വതവുമായി ശ്രീ ജയശങ്കർ കൂടിക്കാഴ്ച നടത്തും. തുടർന്ന് ഈ മാസം 12 ന് ഔദ്യോഗിക സന്ദർശനത്തിനായി അദ്ദേഹം സ്വിറ്റ്സർലൻഡിലെ ജനീവയിലേക്ക് പോകും. സന്ദർശന വേളയിൽ, ഇന്ത്യ സജീവമായി ഇടപെടുന്ന അന്താരാഷ്ട്ര സംഘടനകളുടെ തലവൻമാരുമായും പ്രതിനിധികളുമായും വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തും.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&

## AMIT SHAH-JAMMU

ജമ്മു കാശ്മീരിൽ സമാധാനം ഉറപ്പാകുന്നത് വരെ പാക്കിസ്ഥാനുമായി യാതൊരുവിധ ചർച്ചകളും ഉണ്ടാവില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മേഖലയിൽ മുൻപുണ്ടായിരുന്ന സംവിധാനങ്ങൾ തിരിച്ചു കൊണ്ട് വരാൻ പ്രതിപക്ഷം ശ്രമിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ജമ്മുവിൽ പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു ആഭ്യന്തരമന്ത്രി. ഗുജ്ജർസ്, ദളിത് വിഭാഗങ്ങൾ തുടങ്ങി ഒരു സമൂഹത്തിനു നേരെയും അനീതി ഉണ്ടാകുവാനോ, മേഖലയിൽ തീവ്രവാദം ശക്തിപ്പെടുവാനോ എൻഡിഎ സർക്കാർ അനുവദിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## J AND K-ELECTIONEERING

ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിന്റെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി കഴിഞ്ഞതോടെ, ജമ്മു കാശ്മീരിൽ നിയമസഭാ പ്രചാരണത്തിന് ചൂട് പിടിക്കുന്നു. കേന്ദ്ര മന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ രാജ്നാഥ് സിംഗ് ഇന്ന് റംബാനിലും

ബനിഹാലിലും പൊതു റാലികളെ അഭിസംബോധന ചെയ്യും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ ഇതിനോടകം പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. വരും ആഴ്ചകളിൽ ദേശീയ നേതാക്കളും, താരപ്രചാരകരുമുൾപ്പെടെ ജമ്മു കാശ്മീരിൽ പ്രചാരണത്തിനിറങ്ങും.

ആദ്യ ഘട്ട വോട്ടെടുപ്പ് ഈ മാസം പതിനെട്ടിനാണ്. സെപ്റ്റംബർ 25 നും ഒക്ടോബർ 1 നുമാണ്, രണ്ടും മൂന്നും ഘട്ട വോട്ടെടുപ്പുകൾ. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ഹരിയാനയിലും പ്രചാരണം പുരോഗമിക്കുന്നു. ഇവിടെ അടുത്ത മാസം അഞ്ചിനാണ് വോട്ടെടുപ്പ്. അടുത്ത മാസം എട്ടിന് ഇരു സംസ്ഥാനങ്ങളിലെയും ഫലപ്രഖ്യാപനം നടക്കും.

&&&&&&&&&&&&&&&&&&

# HEADLINES-3

## UAE CROWN PRINCE – INDIA VISIT

അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇന്ത്യയും യു.എ.ഇ യും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിന്റെ ലക്ഷ്യം. സുപ്രധാന മേഖലകളിലെ സാമ്പത്തിക സഹകരണം മെച്ചപ്പെടുത്താനുള്ള സാധ്യതകളും സന്ദർശന വേളയിൽ അവലോകനം ചെയ്യും. യുഎഇയിൽ നിന്നുള്ള മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, ബിസിനസ്സ് നേതാക്കൾ എന്നിവരുൾപ്പെടുന്ന ഉന്നതതല പ്രതിനിധി സംഘവും ഷെയ്ഖ് ഖാലിദിനെ അനുഗമിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## FINANCE SECRETARY

മുതിർന്ന IAS ഉദ്യോഗസ്ഥൻ തുഹിൻ കാന്തയെ പുതിയ ഫിനാൻസ് സെക്രട്ടറിയായി കേന്ദ്രസർക്കാർ നിയമിച്ചു. 1987 ബാച്ച് ഒഡിഷ കേഡർ ഉദ്യോഗസ്ഥനാണ്. നിലവിൽ ധന മന്ത്രാലയത്തിൽ സേവനം അനുഷ്ഠിച്ചു വരികെയായിരുന്നു.

&&&&&&&&&&&&&&&&&&

## West Bengal Health Department _1

പശ്ചിമബംഗാളിലെ മെഡിക്കൽകോളേജുകളിലും ആശുപത്രികളിലുമുള്ള എല്ലാ റെസിഡന്റ് ഡോക്ടർമാരുടെയും വിശദവിവരം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ . ഇതുസംബന്ധിച്ച് പശ്ചിമബംഗാൾ ആരോഗ്യവകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഡോക്ടർമാരുടെ രജിസ്ട്രേഷൻ നമ്പർ, ആധാർ, പാൻ, മൊബൈൽ നമ്പർ , അക്കാദമിക രേഖകൾ തുടങ്ങിയവയുടെ വിശദാംശങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ബംഗാളിൽ ജൂനിയർ ഡോക്ടർ പീഡനത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധം തുടരുന്ന സാഹചര്യത്തിൽ ഈ തീരുമാനം സുപ്രധാനമാണെന്ന് ആരോഗ്യമേഖലയിലെ പ്രതിനിധികൾ വിലയിരുത്തുന്നു . വിഷയത്തിൽ രണ്ടു റെസിഡന്റ് മെഡിക്കൽ ഓഫീസർമാരെയും ഒരു സീനിയർ റെസിഡന്റ് ഡോക്ടറെയും സസ്പെൻഡ് ചെയ്തിരുന്നു. പീഡനക്കൊലക്കേസിൽ സുപ്രീംകോടതിയുടെ നിർണായക ഹിയറിങ് നാളെയാണ് . അന്വേഷണത്തിന്റെ പുരോഗതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സിബിഐ നാളെ സമർപ്പിച്ചേക്കും .

&&&&&&&&&&&&&&&&&&

## LUCKNOW COLLAPSE

ഉത്തർപ്രദേശിലെ ലക്നൗവിൽ കെട്ടിടം തകർന്നു വീണ അപകടത്തിൽ, മരണ സംഖ്യ എട്ടായി. രാത്രി നടന്ന തിരച്ചിലിൽ മൂന്ന് മൃതദേഹങ്ങൾ കൂടി കണ്ടെത്തി. പരിക്കേറ്റ 28 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ദേശീയ, സംസ്ഥാന ദുരന്ത പ്രതികരണ സേനകൾ, പോലീസ്, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ ദുരിതനിവാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ലക്നൗവിലെ ട്രാൻസ്പോർട്ട് നഗർ മേഖലയിൽ ഇന്നലെ വൈകിട്ടാണ് മൂന്ന് നില കെട്ടിടം തകർന്നുവീണത്.

&&&&&&&&&&&&&&&&&&

# HEADLINES-4

## TVM AIRPORT STRIKE

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ കരാർ ജീവനക്കാരുടെ പണിമുടക്കിനെതുടർന്ന് യാത്രക്കാർ ദുരിതത്തിൽ. അന്താരാഷ്ട്ര വിമാന സർവീസുകളെയാണ് സമരം ബാധിച്ചത്. സമരം കാരണം പല വിമാനങ്ങളും പുറപ്പെടാൻ വൈകി. യാത്രക്കാർക്ക് ബാഗേജ് ലഭിക്കുന്നതിലും കാലതാമസം നേരിടുകയാണ്. കാർഗോ നീക്കവും പ്രതിസന്ധിയിലാണ്. അതേ സമയം ആഭ്യന്തര സർവീസുകളെ സമരം ബാധിച്ചിട്ടില്ല. ശമ്പള പരിഷ്കരണം നടപ്പാക്കുക, ബോണസ് നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് എയർ ഇന്ത്യ സാറ്റ്സിലെ കരാർ തൊഴിലാളികൾ അനിശ്ചിതകാല പണിമുടക്ക് തുടങ്ങിയത്.

&&&&&&&&&&&&&&&&&&

# HEADLINES-5

## PARALYMPICS

പാരീസിൽ നടക്കുന്ന പാരാലിമ്പിക്സ് മത്സരങ്ങൾ സമാപന ഘട്ടത്തിലേക്ക്. 29 മെഡലുകളുമായി പട്ടികയിൽ 16-ാമതാണ് ഇന്ത്യ. കായിക മേളയുടെ അവസാന ദിനമായ ഇന്ന് വനിതകളുടെ കയാക് 200 മീറ്റർ KL1 സിംഗിൾസ് സെമിയിൽ പൂജ ഓജ മത്സരിക്കുന്നുണ്ട്. ഇതോടെ പാരാലിമ്പിക്സിലെ ഇന്ത്യൻ പോരാട്ടങ്ങൾ അവസാനിക്കും. ഇന്നലെ രണ്ടു മെഡലുകൾ കൂടി ഇന്ത്യൻ താരങ്ങൾ സ്വന്തമാക്കി. പുരുഷന്മാരുടെ ജാവലിൻ ത്രോ F41 ഇനത്തിൽ നവദീപ് സിങ് സ്വർണം നേടി.

&&&&&&&&&&&&&&&&&&

# HEADLINES-6

## US OPEN

യുഎസ് ഓപ്പൺ പുരുഷ വിഭാഗം സിംഗിൾസ് ഫൈനലിൽ ഇന്ന് ലോക ഒന്നാം നമ്പർ താരം യാനിക് സിന്നെർ, ടെയ്‌ലർ ഫ്രിറ്റ്സ് മായി ഏറ്റുമുട്ടും. വനിതാ സിംഗിൾസ് കിരീടം ബെലാറസ് താരം അരീന സബലങ്ക കരസ്ഥമാക്കി. ഇത് താരത്തിന്റെ മൂന്നാമത്തെ ഗ്രാൻഡ് സ്ലാം കിരീടമാണ്.

&&&&&&&&&&&&&&&&&&

## SUPER LEAGUE KERALA

കൊച്ചിയിൽ നടന്ന സൂപ്പർ ലീഗ് കേരള ഫുട്ബോൾ ടൂർണമെന്റിന്റെ ഉദ്ഘാടന മത്സരത്തിൽ മലപ്പുറം എഫ് സിക്ക് വിജയം. ഫോഴ്സാ കൊച്ചിയെ എതിരില്ലാത്ത 2 ഗോളുകൾക്കാണ് മലപ്പുറം എഫ് സി തോൽപ്പിച്ചത്.

&&&&&&&&&&&&&&&&&&

## KERALA CRICKET LEAGUE

കേരളാ ക്രിക്കറ്റ് ലീഗിൽ ഇന്നത്തെ മത്സരങ്ങളിൽ തൃശൂർ ടൈറ്റൻസ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെയും, അദാനി ട്രിവാൻഡ്രം റോയൽസ്, ഏരീസ് കൊല്ലം സെയ്ലേഴ്സിനെയും നേരിടും.

ഇന്നലെ നടന്ന മത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, തൃശ്ശൂർ ടൈറ്റൻസിനെ ആറു റൺസിന് തോൽപ്പിച്ചു.

&&&&&&&&&&&&&&&&&&

## SANTHIGIRI ASHRAM

തിരുവനന്തപുരം പോത്തൻകോട് ശാന്തിഗിരി ആശ്രമം സ്ഥാപക ഗുരു നവജ്യോതി ശ്രീ കരുണാകര ഗുരുവിന്റെ തൊണ്ണൂറ്റിയെട്ടാമത് ജന്മദിനാഘോഷം കേന്ദ്ര ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അധ്യക്ഷ വഹിച്ച ചടങ്ങിൽ, എ.എ. റഹീം എം.പി, മുൻ കേന്ദ്രസഹമന്ത്രി വി.മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## RAHUL GANDHI- US VISIT

കോൺഗ്രസ്സ് നേതാവും, ലോക് സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി മൂന്ന് ദിവസത്തെ സന്ദർശനത്തിനായി യു എസിലെത്തി. ടെക്സസ്സിൽ എത്തിയ രാഹുൽ ഗാന്ധിക്ക്, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്സിന്റെയും പ്രവാസി സമൂഹത്തിന്റെയും നേതൃത്വത്തിൽ സ്വീകരണം നൽകി. ടെക്സാസ്, വാഷിംഗ്ടൺ ഡി സി എന്നിവിടങ്ങളിൽ അദ്ദേഹം സന്ദർശനം നടത്തും.

&&&&&&&&&&&&&&&&&&

## TELENGANA-FLOOD

തെലങ്കാനയിൽ വീണ്ടും വെള്ളപ്പൊക്ക ഭീഷണി . കനത്ത മഴയെത്തുടർന്ന് ഖമ്മം ജില്ലയിൽ മുന്നേരു നദിയിലെ ജലനിരപ്പ് അപകടകരമാവിധം ഉയർന്നു. പ്രദേശത്തെ ജനങ്ങളെ ദുരിതാശ്വാസക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചു ഖമ്മം, മെഹബൂബ ബാദ് നഗർ ജില്ലകളിലും പരിസര പ്രദേശങ്ങളിലും കഴിഞ്ഞയാഴ്ചയുണ്ടായ കനത്ത മഴയിൽ 26 പേർക്ക് ജീവഹാനി സംഭവിച്ചു. വീടുകൾ, വിളകൾ, പാലങ്ങൾ, റെയിൽവേ ട്രാക്കുകൾ തുടങ്ങിയവയ്ക്ക് നാശനഷ്ടമുണ്ടായി.

&&&&&&&&&&&&&&&&&&

## MEA ZIMBABWE

സാമ്പിയ, മലാവി, സിംബാവെ എന്നീ ആഫ്രിക്കൻ രാജ്യങ്ങൾക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കി ഇന്ത്യ. സിംബാവെ, മലാവി എന്നിവിടങ്ങളിലെ ജനങ്ങൾക്കായി 1,000 മെട്രിക് ടൺ അരി വീതം നൽകിയതായി വിദേശകാര്യ മന്ത്രാലയം സമൂഹമാധ്യമത്തിൽ അറിയിച്ചു. എൽ നിനോ പ്രതിഭാസത്തെ തുടർന്ന് രൂക്ഷമായ വരൾച്ച നേരിടുന്ന രാജ്യമാണ് മലാവി. സാമ്പിയൻ ജനതയ്ക്ക് 1300 മെട്രിക് ടൺ ചോളവും ഇന്ത്യ നൽകുന്നുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&